**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ഓഡിറ്റിംഗും നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ Social Audit സംവിധാനം നടപ്പിലാക്കാൻ തീരുമാനിക്കുകയും. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സമിതികൾ രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഇതു മൂലമുണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിൽ Social Audit സംവിധാനം നടപ്പിലാക്കാൻ തീരുമാനിക്കുകയും. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സമിതികൾ രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നിർമാണ പ്രവർത്തനങ്ങളിലെ അപാകത പരിശോധിക്കുന്നതിന് നിയുക്തമായ സോഷ്യൽ ഓഡിറ്റ് വിഭാഗത്തിന്റെ 2021 ജൂൺ മാസത്തിനു ശേഷമുള്ള കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പിൽ Social Audit സംവിധാനം നടപ്പിലാക്കാൻ തീരുമാനിക്കുകയും. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സമിതികൾ രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരവും സുതാര്യതയും ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പ് റോഡുകളുടെനിർമ്മാണവും പരിപാലനവും, PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും $2^{nd}$ tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചിലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കസ്ട്രോൾ മാന്വൽ |

| | | | |
|---|---|---|---|
| | | | പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനഫലം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നല്കുന്നത്. ഇതിനുപുറമെ പ്രവൃത്തി ഇടങ്ങളിൽ എത്തി ഗുണനിലവാര പരിശോധന നടത്തുന്നതിന് മൂന്ന് മൊബൈൽ ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഗുണപരിശോധന സംവിധാനങ്ങൾ വളരെയധികം ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ